# INDIAN SCHOOL DARSAIT
# DEPARTMENT OF MALAYALAM

**GRADE - X**

Subject: Malayalam Topic : General Essay Date of Worksheet : 09-09-2018

Resource Person: Mr.A.C.Sarasan Date : ____________________

Name of the Student :_________________ Class & Division : _____ Roll Number : __

**1. 2018 ലെ പ്രളയം**

പ്രകൃതി ദുരന്തങ്ങൾ ലോകത്തിൻെറ പല ഭാഗങ്ങളിലും പല ഭാവത്തിൽ ആവർത്തിക്കാറുണ്ട്. 2018 ആഗസ്റ്റ് 15 നു കേരളത്തെ തകർത്തെറിഞ്ഞ മഹാപ്രളയം നൂറ്റാണ്ടുകൾ കഴിഞ്ഞാലും ഞെട്ടലുണ്ടാക്കുന്ന പ്രതിഭാസമാണ്.

ജൂൺ ജൂലായ് മാസങ്ങളാണ് കേരളത്തിലെ കാലവർഷക്കാലം. 2018ൽ മേയിൽത്തന്നെ മഴ തുടങ്ങി. സൂര്യനെ ബന്ധിച്ച മേഘങ്ങൾ നിർത്താതെ പെയ്തുകൊണ്ടിരുന്നു.

കേരളത്തിലെ 44 നദികളും കരകവിഞ്ഞൊഴുകി. 38 ഡാമുകൾ ഒരുമിച്ചു തുറക്കേണ്ടി വന്നു. മാഡൻ ജൂലിയൻ ഓസിലേഷൻ എന്ന പ്രതിഭാസവും ഒഡീഷാ തീരത്തും ബംഗാൾഉൾക്കടലിലും രൂപപ്പെട്ട ന്യൂനമർദ്ദവുമാണ് കേരളത്തെ പ്രളയത്തിൽ മുക്കിയത്. മഴ തുമ്പിക്കൈവണ്ണത്തിൽ കോരിച്ചൊരിഞ്ഞു. കടലിൽ നിന്ന് ശക്തമായ കാറ്റു വീശി. ഇരുന്നൂറ്റൻപതോളം ഉരുൾപൊട്ടലുകളുണ്ടായി. രണ്ടും മൂന്നും നിലകളുള്ള വീടുകൾ വെള്ളത്തിനടിയിലായി. അച്ചങ്കോവിലാർ കുട്ടനാടിനെ മുക്കി. ശബരിഗിരി മത്സരിച്ച് ആറന്മുളയെ തകർത്തു. ഇടുക്കിഡാമിൻെറ അഞ്ചു ഷട്ടറുകളും തുറക്കേണ്ടിവന്നു. ജലം അഞ്ചുമണിക്കൂർ കൊണ്ട് ആലുവാവരെയെത്തി എറണാകുളം ജില്ലയെ തകർത്തു. പത്തനംതിട്ടയും മൂന്നാറും തൃശൂരും വയനാടും മലപ്പുറവും കണ്ണൂരുമൊക്കെ പ്രളയത്തിനടിയിലായി. അഞ്ഞൂറോളം പേർക്കാണു ജീവഹാനി നേരിട്ടത്. വളർത്തു മൃഗങ്ങൾ നിസ്സഹായരായി ചത്തുപൊന്തി. ആയിരക്കണക്കിന് ഏക്കർ കൃഷി നശിക്കുകയും പതിനാലായിരത്തോളം കിലോമീറ്റർ റോഡ് തകരുകയും ചെയ്തു.

കേരളചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ആദ്യപ്രളയം 1341ലാണ് നടന്നത്. കരകവിഞ്ഞൊഴുകിയ പെരിയാർ മുസിരിസ് തുറമുഖത്തെ തൂർത്തുകളഞ്ഞു!! പകരം വൈപ്പിൻ ദ്വീപും കൊച്ചി തുറമുഖവും സൃഷ്ടിക്കുകയുമുണ്ടായി!! പിന്നീട് 1924ൽ ഉണ്ടായതാണു തൊണ്ണൂറ്റൊൻപതിലെ വെള്ളപ്പൊക്കമെന്നു പ്രസിദ്ധമായത്. അന്ന് ആയിരത്തിലധികം പേർക്ക് ജീവഹാനി നേരിട്ടു !

മണൽ വാരിയ കുഴികളും മലകളിലെ ഖനനവും പരിസ്ഥിതി ലോലപ്രദേശത്തെ നിർമ്മിതികളും തണ്ണീർത്തടങ്ങളും വയലുകളും നികത്തിയതും കാലാവസ്ഥാവ്യതിയാനവുമൊക്കെ പ്രളയത്തിനു കാരണമായി !

പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ ഭേദമില്ലാതെ പഴയതലമുറയെന്നോ 'ന്യൂജെൻ' എന്നോ വ്യത്യാസമേതുമില്ലാതെ കേരളീയർ ഒറ്റക്കെട്ടായി പ്രളയത്തെ നേരിട്ടു. മത്സ്യത്തൊഴിലാളികളും പോലീസും പട്ടാളവുമൊക്കെ കൈ മെയ് മറന്ന് രക്ഷാകവചങ്ങളായി. പ്രകൃതിയോട് ഒത്തിണങ്ങിയുള്ള വികസനമാണു നമുക്കു വേണ്ടതെന്ന് ഈ പ്രളയം നമ്മളെ ഓർമ്മപ്പെടുത്തുന്നു!.